കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് – 2017 ഡിസംബർ , 2018 ജനുവരി, ഫെബ്രുവരി, മാർച്ച് വരെയുള്ള വിവിധ ക്ഷേമ നിധി ബോർഡ് പെൻഷൻ വിതരണത്തിനുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

---

ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്

സ ഉ (സാധ) നം. 2714/2018/ധന തിരുവനന്തപുരം, തിയതി 27.03.2018

---

പരാമർശം :- 1. സ ഉ ( പി ) 384/2014/ധന തിയതി 05/09/2014

2. സ ഉ ( എം എസ്) 437/2016/ധന തിയതി 08/11/2016

3. സ ഉ (എം എസ് ) 34/2017/ധന തിയതി 21/01/2017

4. സ ഉ (എം എസ് ) 67/2017/ധന തിയതി 06/02/2017

5. സ ഉ (എം എസ് ) 359/2017/ധന തിയതി 04/08/2017

<u>ഉത്തരവ്</u>

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകൾക്ക് 2017 ഡിസംബർ , 2018 ജനുവരി, ഫെബ്രുവരി, മാർച്ച് വരെയുള്ള നാല് മാസത്തെ പെൻഷൻ നൽകുന്നതിനായി 2748611865 രൂപ ( ഇരുന്നൂറ്റി എഴുപത്തി നാല് കോടി എൺപത്തിയാറ് ലക്ഷത്തി പതിനൊന്നായിരത്തി എണ്ണൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) ആവശ്യമാണെന്ന് ക്ഷേമനിധി ബോർഡുകൾ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമ നിധി ബോർഡുകളിലെ 2017 ഡിസംബർ , 2018 ജനുവരി, ഫെബ്രുവരി, മാർച്ച് വരെയുള്ള നാല് മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയായ 2748611865 രൂപ ( ഇരുന്നൂറ്റി എഴുപത്തി നാല് കോടി എൺപത്തിയാറ് ലക്ഷത്തി പതിനൊന്നായിരത്തി എണ്ണൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ഒരോ ക്ഷേമനിധി ബോർഡുകൾക്കും നൽകേണ്ട തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

2. ക്ഷേമനിധി ബോർഡുകൾ, പെൻഷൻ തുക ലഭിക്കുന്നതിലേക്ക് ബന്ധപ്പെട്ട ഭരണ വകുപ്പിൽ നേരിട്ട് നിർദേശം സമർപ്പിക്കേണ്ടതും ഭരണ വകുപ്പ് ആയത് ധനകാര്യ (ബഡ്ജറ്റ്) വകുപ്പിൽ സമർപ്പിക്കേണ്ടതാണ്.

3. ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം ആധാർ നമ്പർ സീഡ് ചെയ്യുവർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്. ആധാർ നമ്പർ സീഡ് ചെയ്യ ഗുണഭോക്താക്കൾക്കും ക്ഷേമ നിധി ബോർഡുകളിൽ നടന്ന അദാലത്തിൽ പങ്കെടുത്ത് അധാർ സമർപ്പിക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ചവർക്കും പെൻഷൻ നല്കുന്നതിനാവശ്യമായ തുക മാത്രമേ അലോട്ട്മെന്റായി ആവശ്യപ്പെടാൻ പാടുള്ളൂ.

4. പെൻഷൻ തുകയ്ക്കായി ഭരണ വകുപ്പിൽ നൽകുന്ന നിർദ്ദേശത്തിൽ ആധാർ സീഡ് ചെയ്ത ഗുണഭോക്താക്കളുടെ ( സേവന സോഫ്റ്റ്‌വെയർ പ്രകാരമുള്ള) എണ്ണവും അദാലത്തിൽ ആധാർ സമർപ്പിക്കുന്നതിൽ നിന്ന് ഇളവ് അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണവും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

5. യാതൊരു കാരണവശാലും ആവശ്യത്തിലധികം അലോട്ട്മെന്റ് വാങ്ങാൻ പാടില്ലാത്തതാണെന്നും അങ്ങനെ വാങ്ങുന്ന പക്ഷം അത് ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

6. 2017 ഡിസംബർ , 2018 ജനുവരി, ഫെബ്രുവരി, മാർച്ച് വരെയുള്ള നാല് മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് മാത്രമേ ഈ തുക ഉപയോഗിക്കാൻ പാടുള്ളൂ . കുടിശ്ശിക / മറ്റ് ആനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് പെൻഷൻ തുക ഉപയോഗിക്കാൻ പാടില്ല

7. വിതരണം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ പെൻഷൻ വിതരണം പൂർത്തിയാക്കേണ്ടതാണ്. പ്രസ്തുത സമയത്തിനുള്ളിൽ വിതരണം ചെയ്യാത്ത തുക അനുവദിച്ച ശിർഷകത്തിൽ തന്നെ 5 ദിവസത്തിനുള്ളിൽ തിരിച്ചടക്കുന്നു എന്നും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

8. ഈ ഫണ്ട് പിൻവലിക്കൽ എല്ലാ വിധ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രതീപ് കുമാർ .ബി
ജോയിന്റ് സെക്രട്ടറി ( ധനകാര്യം )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ് എസ്.എ /എ&ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
എല്ലാ ക്ഷേമ നിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും.
ലേബർ, കൃഷി, നികുതി, വ്യവസായ വകുപ്പുകൾക്ക്
ധനകാര്യ( ബജറ്റ്/ഹെൽത്ത്& ലേബർ എ ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജനസമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

| 1 | 2 | 3 | 4 | 8 | 14 | 15 | 16 | 17 | 18 | 19 | 20 |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | PENSION COMMITMENT | | | | | | |
| No | Name of Board | Total pensioners | Total pensioners whose aadhar seeded | **Balance pension amount remains with the board** | 12/17 | 01/18 | 02/18 | 03/18 | **Total** | **Actual fund required ( 18- 8)** | In crore |
| 1 | Jewellery Workers | 82 | 82 | 800 | 89,100 | 89,100 | 90,200 | 90,200 | 358,600 | 357,800 | 0.03578 |
| 2 | Barber Beauticians | 1602 | 1266 | 115122 | 1392600 | 1392600 | 1392600 | 1392600 | 5570400 | 5,455,278 | 0.5455278 |
| 3 | Head Load scatterd | 3340 | 3274 | 0 | 3601400 | 3601400 | 3601400 | 3601400 | 14405600 | 14,405,600 | 1.44056 |
| 4 | Laundry workers | 577 | 409 | 348421 | 449900 | 449900 | 449900 | 449900 | 1799600 | 1,451,179 | 0.1451179 |
| 5 | Fisherman welfare | 63664 | 60050 | 0 | 66055000 | 66055000 | 66055000 | 66055000 | 264220000 | 264,220,000 | 26.422 |
| 6 | Handloom Workers | 9454 | 9438 | 508200 | 10236600 | 10294900 | 10399400 | 10399400 | 41330300 | 40,822,100 | 4.08221 |
| 7 | Small plantation workers | 135 | 135 | 100 | 148500 | 148500 | 148500 | 148500 | 594000 | 593,900 | 0.05939 |
| 8 | Dairy | 67115 | 64143 | 0 | 62683500 | 62683500 | 63374300 | 63750500 | 252491800 | 252,491,800 | 25.24918 |
| 9 | Bamboo kattuvalli | 8894 | 7890 | 1720 | 8505200 | 9757000 | 9790000 | 9815300 | 37867500 | 37,865,780 | 3.786578 |
| 10 | Tailoring | 48653 | 42479 | 400 | 45675300 | 44917400 | 44917400 | 45057100 | 180567200 | 180,566,800 | 18.05668 |
| 11 | Unorganised | 9288 | 9288 | 209324 | 10216800 | 10216800 | 10216800 | 10216800 | 40867200 | 40,657,876 | 4.0657876 |
| 12 | Coir | 72464 | 67899 | 4895000 | 75060700 | 75060700 | 75060700 | 75060700 | 300242800 | 295,347,800 | 29.53478 |
| 13 | Cashew | 67821 | 64887 | 2603864 | 71033600 | 71373500 | 71375700 | 71375700 | 285158500 | 282,554,636 | 28.2554636 |
| 14 | Agriculture | 301530 | 288162 | 0 | 316978200 | 316978200 | 316978200 | 316978200 | 1267912800 | 1,267,912,800 | 126.79128 |
| 15 | Khadi | 674 | 674 | 181484 | 741400 | 741400 | 741400 | 741400 | 2965600 | 2,784,116 | 0.2784116 |
| 16 | Beedi & Cigar | 3391 | 3391 | 1863500 | 3697100 | 3713600 | 3719100 | 3730100 | 14859900 | 12,996,400 | 1.29964 |
| 17 | Traders | 12007 | 9300 | 0 | 11942000 | 12032000 | 12047000 | 12107000 | 48128000 | 48,128,000 | 4.8128 |
| | **TOTAL** | **670691** | **632767** | **10727935** | | | | | **2759339800** | **2,748,611,865** | **274.8611865** |